# കുവരഗിതങ്ങൾ

V773

~~No: 2423.~~

# KUMARA GEETHANGAL

A Collection of Poems

of

M. S. KUMARAN NAIR

17773

എം. എസ്സ്-ന്റെ കൃതികൾ:-

കുമാരഗീതങ്ങൾ

പുഷ്പഹൃത്തം (അച്ചടിയിൽ)

No. 2423.
1773

# കുമാരഗീതങ്ങൾ

ഗ്രന്ഥകർത്താ:
എം. എസ്സ്. കുമാരൻ നായർ

DISTRIBUTORS
നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 1 ക. 4 ണ.

ഒന്നാംപതിപ്പ് കോപ്പി 1000
1953 ജൂൺ
പകർപ്പവകാശം ഗ്രന്ഥകാരന്

പ്രസാധിക
ഡി. ഭവാനിഅമ്മ
കോട്ടയം

അച്ചടി:
വി. ജി. പ്രസ്സ്, കോട്ടയം.

ദിവംഗതനായ
എന്റെ അച്ഛന്റെ
പാവനസ്മരണയ്ക്കു്.

“കരുണാമാധുരിതന്നുറവാകും
ത്യാഗസുരാപഗയെൻ ദേവാ!
വാത്സല്യാമൃതചന്ദ്രികവഴിയും
സ്നേഹനഭസ്സേ! പിതൃദേവാ!!”

1773

# ഉള്ളടക്കം


| | | | പുറം |
|---|---|---|---|
| 1. | ഒരു വാക്ക് | | 11 |
| 2. | അറിയാവൂ | (3–12–1119) | 13 |
| 3. | പുരോഗതി | (28–2–1109) | 14 |
| 4. | മററന്നാൾ | (12–11–1119) | 16 |
| 5. | ചരിത്രസർപ്പം | (28–2–1126) | 18 |
| 6. | നമ്മുടെ നേട്ടം | (25–2–1115) | 23 |
| 7. | കഴുകനോട് | (29–2–1126) | 26 |
| 8. | വിശാലലക്ഷ്യം | (30–12–1126) | 29 |
| 9. | സ്വാതന്ത്ര്യം | (10–6–1109) | 34 |
| 10. | മായാവിമാനം | (4–12–1119) | 37 |
| 11. | ആരാമത്തിൽ | (30–11–1119) | 39 |
| 12. | മരണം | (20–2–1110) | 40 |
| 13. | ശോകം | (26–2–1113) | 43 |
| 14. | തടവിൽ | (18–11–1114) | 46 |
| 15. | കല്ലും കരിയിലയും | (5–2–1112) | 49 |
| 16. | ഏറുപമ്പരം | (1–12–1119) | 52 |
| 17. | ഏകാന്തകുസുമം | (14–2–1112) | 53 |
| 18. | ദിവാന്ധസന്ദേശം | (30–2–1115) | 56 |
| 19. | കാലനിമ്നഗ | (26–12–1114) | 58 |
| 20. | മിഥ്യാഭിമാനം | (16–11–1119) | 61 |
| 21. | ഘുണാക്ഷരം | (26–11–1119) | 62 |

| | | | |
|---|---|---|---|
| 22. | ഇരുളിൽത്തന്നെ | (28–2–1109) | 64 |
| 23. | കൊടുംകാട്ടിൽ | (13–3–1115) | 66 |
| 24. | വരണമാല്യം | (28–2–1112) | 70 |
| 25. | രാഗോപഹാരം | (9–3–1109) | 72 |
| 26. | വൃശ്ചികവർഷം | (19–4–1115) | 77 |
| 27. | കാറ്റുവിളി | (24–4–1115) | 82 |
| 28. | ഭിക്ഷു | (25–4–1109) | 86 |
| 29. | ചിത്രപ്രശ്നം | (21–4–1115) | 89 |
| 30. | മാർഗ്ഗമദ്ധ്യേ | (9–1–1115) | 94 |

# ഒരു വാക്ക്

ഒരു മുഖവുര ഉദ്ദേശിയ്ക്കുന്നില്ല. എന്നാൽ ആധമർണ്ണ്യബോധത്താൽ വികാരാവേശം പൂണ്ട എൻെറ കൃതജ്ഞതയുടെ നാവു ബന്ധിയ്ക്കാൻ ആവുന്നുമില്ല!

കോട്ടയം സാഹിത്യപ്രവൎത്തക സഹകരണസംഘത്തിലേ, എൻെറ സഹപ്രവൎത്തകരായ സഹൃദയസുഹൃത്തുക്കളുടെ നിരന്തരനിർബന്ധവും നിർല്ലോഭമായ നിഷ്കൎഷയും കൊണ്ടല്ലെങ്കിൽ, ഏതാനും മാസികാപത്രങ്ങളിലും എൻെറ കുറിപ്പുകടലാസുകളിലും ചിന്നിച്ചിതറി കേവലം വിസ്മൃതപ്രായമായിക്കിടന്നിരുന്ന ഈ ലഘുകവിതകൾ, ഇന്നും ഇപ്രകാരം ഒരു ഗ്രന്ഥരൂപം പ്രാപിയ്ക്കുമായിരുന്നോയില്ലല്ലൊ!

എൻെറ പ്രഥമസാഹിത്യോപഹാരമായ ഈ കവിതാസമാഹാരത്തിനും, ഇതിൻെറ കനിഷ്ഠസഹോദരിയായി ഉടനെ പുറത്തുവരുന്ന "പുഷ്പനൃത്തം" എന്ന, ദ്വിതീയോപഹാരത്തിനും, മുൻപറഞ്ഞ സഹൃദയസുഹൃത്തുക്കളോട് എത്രമാത്രം കളങ്കമററ കടപ്പാടാണു് ഉള്ളതെന്നോ?

അലസതയുടെ അഗാധതയിൽ, മറവിയുടെ അന്ധകാരത്തിൽ, മുഴുകിക്കിടന്ന ആ പഴയപൂക്കൂടയിൽ

നിന്നും ക്ഷമാപൂർവ്വം തിരഞ്ഞെടുത്തു്, ഒന്നല്ല, രണ്ടു പൂച്ചെണ്ടുകൾ ഇത്രയും മനോഹരമായി കെട്ടിഒരുക്കിയ വൈഭവം നിറഞ്ഞ ശില്പകലാചാതുരിയ്ക്കു് നമോവാകം!!

നിർമ്മത്സരരായ സാഹിത്യോപാസകർക്കു് ഈ ഉപഹാരങ്ങൾ അല്പമെങ്കിലും ഹൃദയാഹ്ളാദത്തിനു് വക നൽകുമെങ്കിൽ ഇതിനുവേണ്ടിയുള്ള പരിശ്രമം വിഫലമല്ലതന്നെ!

കോട്ടയം,<br>
1-6-1953.

എം. എസ്സ്.

---

# അറിയാവൂ!

ദിവ്യപ്രസൂനമേ! നീയെൻ മിഴിയ്ക്കൊരു
നവ്യമാമത്ഭുതവർണ്ണം മാത്രം;

ശ്രോത്രങ്ങൾക്കാനന്ദവീചിയലയ്ക്കുന്നോ-
രത്യഗാധാത്ഥ നിശ്ശബ്ദഗീതം;

ചേർത്തുനൽക്കോൾമയിർക്കൊള്ളുമദ്ഭൌമിക
മാർദ്ദവസാരമെൻ ത്വക്കിനു നീ;

നാസികയ്ക്കന്തികേ നാകീയമായൊരു
വാസനച്ചെപ്പു തുറന്നതത്രേ;

ഈ മധുമാസത്തിൻ പ്രേമോപഹാരമാം
തൂമധുമാത്രമെൻ നാവിനു നീ!

തേനല്ല, ഗന്ധമ,ല്ലീമൃദുസ്പർശവും
ഗാനവും വർണ്ണവുമല്ലല്ലോ നീ!

പഞ്ചേന്ദ്രിയങ്ങൾക്കുമജ്ഞേയമായ് നിന്നിൽ-
ത്തഞ്ചുന്നനിന്നെയറിയാവൂ ഞാൻ!!

# പുരോഗതി

കുതിയ്ക്കും ഭടാഗ്രിമാ!
പിൻതിരിയേണ്ടാ, താഴെ—

പ്പതിയ്ക്കും ഭ്രാതാവിൻെറ
ചെഞ്ചോര തുടയ്ക്കുവാൻ;

മന്നിലാപതിച്ചോർതൻ
വക്ഷസ്സിൽച്ചവുട്ടായ്വാൻ

മുന്നിലൂന്നവാനാഞ്ഞ
കാലുപിൻവലിയ്ക്കേണ്ടാ;

ത്തുമിന്നൽതാവും തവ
ഖഡ്ഗത്തിൻ വിഹാരത്തിൽ

ബ്ഭൂമിയിൽ വീണോരാരെ—
ന്നോതുമൊന്നാരായേണ്ടാ;

വീണവയെല്ലാം ഭൂത
കാലത്തിൻ ചുഴിയ്ക്കുള്ളിൽ

താണടിഞ്ഞില്ലേ, നോക്കി
നില്ക്കുവാനുണ്ടോനേരം?

തിളയ്ക്കും ചുടുരക്തം
തുടിയ്ക്കുണ്ടൊരു നെഞ്ചുൽ-

ഗ്ഗളിപ്പിയ്ക്കുയോ കഷ്ടം!
നിരർത്ഥം ദീർഘശ്വാസം?

നാലുഭാഗവും പാളി
ച്ചീറട്ടേ കരവാളം,

കാലുകളനുക്ഷണം
മുന്നോട്ടു കുതിയ്ക്കട്ടേ!

ഭാവി സാമ്രാജ്യച്ചെങ്കോൽ
കൈനീട്ടിയാദ്യം വാങ്ങാ-

നീവിധം നിരങ്കുശം
പോകനീ ധീരാത്മാവേ!!

---

# മററന്നാൾ

## ഒന്നു്

"ഇന്നലെ"യായ പൂമൊട്ടിൽ—നിന്നും
"ഇന്നാം" പുതുമലർപ്പൊട്ടി

നേരേ വിരിഞ്ഞിതാനിൽപ്പൂ—ചാരു
സൗരഭം വീശിലസിപ്പൂ.

ഇന്നത്തേ മഞ്ജുദളങ്ങൾ—വാടും
ഇന്നത്തേപ്പൊന്നൊളിമങ്ങും;

ഇന്നത്തേപ്പൂമധുചോരും—തീരെ,
ഇന്നത്തേപ്പൂമണം തീരും;

ഇന്നത്തേ വൻപും ചിരിയും—ശ്രീയും
ഒന്നൊന്നായ് താനേ പിരിയും!

എന്തിനീ"യിന്നു" വിരിവൂ?—പെട്ടെ-
ന്നൊന്തിനീ"യിന്നു" കൊഴിവൂ?

"നാളെ"യാം കായൊന്നുണ്ടാവാൻ—"മററ-
ന്നാളാ"യ പൊൻകനിയാവാൻ!!

## രണ്ടു്

"ഇന്നലെ"യാം മുട്ടയൊന്നു—പൊട്ടി
"ഇന്നാം" ചെറുപുഴവന്നു.

കണ്ടാലറയ്ക്കുന്ന കീടം—വേഗം
മണ്ടാനുമില്ല തന്റേടം.

പച്ചിലമാത്രമശിച്ചും—അതിൽ
അക്ഷരമേതോവരച്ചും

ഇച്ഛപെടിച്ചില്ലയിലേവം—ചേർന്നു
നിശ്ചലം വാഴുന്നു പാവം!

വായിലെസൂത്രത്താൽതീർക്കും—കൂട്ടിൽ
കായമൊതുക്കിയൊളിയ്ക്കും.

എന്തിനി"യിന്നു" ജനിപ്പൂ?--സ്വയ-
മെന്തിനി"യിന്നു"ങ്ങൊളിപ്പൂ?

"നാളെ"യാം * "കൊക്കൂ"ണുണ്ടാവാൻ--"മററ-
ന്നാളാ"യ പൂമ്പാററയാവാൻ!!

---

* Cocoon

# ചരിത്രസർഗ്ഗം

## ഒന്നു്

മർത്ത്യാ! നിൻ "ചരിത്ര"മാം
    കാളാഹിചുററിച്ചുററി-
യത്യന്തമയ്യോ! വീർപ്പു-
    മുട്ടിപ്പോയ്ജ്ജഗദ്സത്യം!
ഇന്നതിൻ തനിരൂപ-
    മീഷല്പം കാൺമാനില്ലാ-
പ്പന്നഗച്ചുരുളുകൾ-
    ക്കുള്ളിൽപ്പെട്ടിരിയ്ക്കയാൽ!

മഞ്ഞുപോലതിശ്ശീത
    സ്പർശത്താൽ മരവിച്ചു,-
മഞ്ജസാവിഷജ്വാല
    തട്ടിമോഹിച്ചും, കഷ്ടം!
ജീവചൈതന്യം വിട്ടു
    വിളറി, സ്സിരകളിൽ-
ക്കേവലം കരിവാളി
    ച്ചുറഞ്ഞു കെട്ടീരക്തം!

വരിഞ്ഞു ചുററിവലി-
ച്ചുത്രമേൽ ഞെരിക്കുമ്പോൾ
വിരഞ്ഞു മരണാർത്ത്യാ
പൊക്കിപ്പോയ് മൂർഖാവെങ്കിൽ
രൂക്ഷമാം ഗരലിപ്ത-
ദംശത്താൽ വിമൂർഛിപ്പി-
ച്ചുക്ഷണം ഫണാഛായ-
യ്ക്കുള്ളിലാഞ്ഞമർത്തീടും!

മേദുര ദുരദൃഷ്ട
"രാഹു"വിൻ വലയം വി-
ട്ടേതുനാൾ ജഗദ്സത്യ
ദേവതേ! തവോത്ഥാനം?

## രണ്ടു്

കാലത്തിൻ കൊട്ടംപാറ-
മേട്ടകൾ, കണ്ണെത്താത്ത-
പോ,ലത്യന്താഗാധമാം
ഭൂതഗർത്താന്ധാന്ധുക്കൾ,
അതിവിസ്തൃതംവേലാ-
പേതമാംപാരാവാര-

മിദമൊന്നൊന്നായ് മന്ദം
മന്ദമീബ് ഭൃജംഗമം

ഇഴഞ്ഞുവളഞ്ഞെത്തി-
നീങ്ങവേ, കഴററിത്തൻ

വഴിയ്ക്കു വെടിഞ്ഞിട്ട
പാഴ്പ്പടം കണ്ടല്ലല്ലീ

മർത്ത്യാ! നീ "ഗവേഷണ"-
ക്കൊടിയുംകുത്തി, ഗർവ്വ-

മത്തനായ് നിൽപൂസാഭി-
മാനം സസ്മയാവേശം!

ബാലിശം, കളിത്തൊണ്ടാ-
മിക്കണ്ടപിടുത്തങ്ങൾ

കാലകല്പകാനർഘ
പക്വഫങ്ങളെന്നോർഭാവം?

തേടുന്നതുവെറും കുപ്പ-
ച്ചുവരെന്നപാടും തിര-

ഞ്ഞീ, ടേറും രത്നങ്ങൾക്കാ-
യുള്ളറതുറക്കാതേ!

മിത്ഥ്യാഭിമാനത്തിന്റെ
പാഴ്സ്വപ്നമയക്കം വി-
ഭ്രത്ഥാനമെന്നോ, സാക്ഷാൽ
സത്യത്തിൻ വിഭാതമേ!

മൂന്ന്

സ്വാർത്ഥതല്പരക്ഷുദ്ര-
മാന്ത്രികനിദ്ദേശത്തി-
ന്നൊത്തുക്രുത്താടും മിത്ഥ്യാ
രൂപിയാം കലിപ്പാമ്പേ!
ചിലപ്പോൾ തലതാഴ്ത്തി-
ച്ചുരുക്കിയിരുന്നാവും
ചലിപ്പിച്ചതിശാന്ത-
ഭാവത്തിലിഴയും നീ!
ചിലപ്പോൾ സചക്രോഗ്ര-
വൻഫണം ജൃംഭിപ്പിച്ചു-
ജ്വലിയ്ക്കും രൂക്ഷാക്ഷിയോ-
ടാത്തൊത്തുംസാഫൂൽക്കാരം!

ഭാവനാമയം മഹാ-
പുരാണനഭസ്സിലോ

കേവലമിതിഹാസ
കാനനത്തിലോന്നിനും
മാനവൻ പിടിച്ചെട്ട-
ത്തീവണ്ണം വളത്തി, തൻ-
മാനവിക്രമോദ്യാന
രക്ഷകനാക്കാൻ, നിന്നെ!

രാഷ്ട്രീയം, മതം, വർഗ്ഗ,-
മീക്കുഴലോരോന്നുതി-
ക്കേട്ടേററം മയങ്ങിനി-
ന്നാടിനീയിന്നോളവും!

സത്യത്തിൻ നെടുവീഥി
വിലക്കിച്ചീറും കാള-
സർപ്പമേ! മാറൂ, സ്വാതന്ത്ര്യ
തന്ത്രത്തിൻപിണിപ്പാവേ!!

---

# നമ്മുടെ നേട്ടം

## ഒന്നു്

ദീർഘദീർഘയുഗങ്ങൾ നാം
പാടുപെട്ടുപഠിച്ചതോ
വ്യാഘ്രതുല്യം നരഹിംസാ
ശാസ്ത്രമൊന്നല്ലീ?
സഹജരേ വെട്ടിവീഴ്ത്തും
ചുടുനിണക്കളത്തിലേ
സഹജമാം സുഖതൃഷ്ണ
ശമിപ്പിയ്ക്കാവൂ;
സോദരകബന്ധപ്പെരും
ക്കുമ്പാരശൃംഗത്തിൽനിന്നേ
സാദമാററാൻ സൗഖ്യമന്ദ-
വാതമേല്ക്കാവൂ;
സ്വാർത്ഥതയ്ക്കു വളമിടാൻ
മർത്ത്യകുണപങ്ങൾവേണം,
കീർത്തിദ്രുമം തഴപ്പിപ്പാൻ
ഭ്രാതൃരക്തവും;

അടിമകൾ കേണു ചുട്ട-
കണ്ണീരാൽക്കാൽകഴുകേണ-
മധികാരപ്രമത്തത-
യൂർഘ്യപൂജയ്ക്കായ്;
മർത്ത്യർ തൻ നെടുവീപ്പാൽ
പങ്കവീശിവീശിവേണം
'നിർദ്ദയത'മുറങ്ങുവാൻ
ധാർഷ്ട്യസൗധത്തിൽ!

മൃഗപ്രായരായിരുന്നു-
പോലും, പൂർവ്വപിതാമഹർ,
മികവേറും പരിഷ്ക്കാരം
നേടിനാം, പോലും!!

### രണ്ട്

ദീർഘദീർഘയുഗങ്ങൾ നാം
പാടുപെട്ടു നേടിവച്ച-
തൊക്കെയുമീക്രൂരഹിംസാ
ശാസ്ത്രമൊന്നല്ലീ?
പ്രപഞ്ചശക്തികളെല്ലാം
മർത്ത്യബുദ്ധിയ്ക്കടിപ്പെട്ടു,
പ്രഭുവാകും മനുഷ്യനോ
തൃഷ്ണതൻദാസൻ;

ജീവിതസൗഖ്യത്തിന്നഗ്ര്യ
　　കോടികണ്ടൂ ലോകം, പക്ഷേ-
ജീവിത, മാമരണാന്ത-
　　നരകമായി;
വാരിധിയും വിഹായസ്സും
　　വെന്നു വശത്താക്കിയിട്ടും
പാരിലേതും രക്ഷയില്ലാ-
　　തുഴലുന്നാരും;
ഭൂഗർഭത്തിൽത്തുരങ്കം വെ-
　　ച്ചെത്രനേടീവിഭൂതികൾ,
വേഗമത്രയ്ക്കിറങ്ങിപ്പോയ്
　　ദാരിദ്ര്യാന്ധുവിൽ;
കപടമാം സമാധാന
　　നയതന്ത്രങ്ങളാൽ ലോക-
മപകടപൂർണ്ണമഗ്നി
　　പർവ്വതമായി!

ശക്തിഹീനരായിരുന്നു
　　പോലും, പൂർവ്വപിതാമഹർ
ശക്തിയേറും പരിഷ്കാരം
　　നേടി നാം, പോലും!!

---

# കഴുകനോട്

## ഒന്ന്

ഉന്നതം മഹാവൃക്ഷ-
	മൗലിയിൽക്കൂടുംകെട്ടി
മന്നിടം പാടേ വീക്ഷി-
	ച്ചിരിയ്ക്കും പതംഗമേ!
സൂക്ഷ്മദൃഷ്ടിയും ശൂല-
	നഖരങ്ങളും വജ്ര-
രൂക്ഷമാം കൊക്കും ബലി-
	ഷ്ഠായതപത്രങ്ങളും
എന്തിനു നിനക്കേവം
	ലഭിച്ചൂ, വിൺത്തട്ടിങ്കൽ-
പ്പൊന്തിനിന്നുലകിലേ
	പ്പട്ടടക്കാവൽക്കെന്നോ?

പാരാകെവട്ടം ചുററി
	പ്പറക്കും, മഹാംബോധി-
പാരവും കടക്കും നീ,
	ഗൃദ്ധ്രമേ! ഞൊടിക്കുള്ളിൽ!

വിണ്ണിലേയ്ക്കുയർന്നുയ–
ർന്നവ്വണ്ണം പറക്കുമ്പോ–
ളർണ്ണവം വെറുംവാപി,
വൻശൈലം കുമിൾക്കൂട്ടം!

എത്രയ്ക്കങ്ങുയർന്നാലു
മത്രയ്ക്കീപ്പാഴ് മണ്ണിൽത്താ–
നെത്തും നിൻഹിംസാമയ
മാശ്രയമീക്ഷോല്പാതം!

സ്വച്ഛരമാം വിഹായസ്സി–
ലനിശം ചരിച്ചിട്ടു–
മീഛരതേ, ശ്മശാനത്തി–
ലളിയും ശവങ്ങളിൽ!!

## രണ്ട്

ചോട്ടിലന്നാന്നായ്ക്കൂട്ട–
മസ്ഥിതൻക്രൂരപാരത്തിൽ
നാട്ടിയുച്ചത്തിൽപ്പാറും
മൃത്യുവിൻപതാകപോൽ
വട്ടമിട്ടിടയ്ക്കിടെ–
യല്പം നീ പറന്നിട്ടു
പെട്ടെന്നനീഡംപൂകും
നീരവം നിരാർഭാടം!

ഏണശാബമോശശ-
പോതമോ താഴത്തെങ്ങാ-
നേകാന്തം ചരിച്ചീടി-
ലാസ്ഥയാ സമീക്ഷിച്ചും
എത്രയും സമാധാന
വ്യാജഭാവത്തിൽത്തന്നേ
തത്രനിൻവാസം മൗന-
ഗംഭീരം ഭയാസ്പദം!

പാഴ്ശവം കൊത്തിക്കീറി-
ത്തിന്നുനീവസിച്ചു,സ്രം
പൂശിയ "കഴമരം"
തന്നേ നിൻവാസദ്രുമം;
ശാന്തസുന്ദരസ്നിഗ്ദ്ധ
വാനിന്റെ വക്ഷസ്സിങ്കൽ
വൻതോക്കു ചൂണ്ടിപ്പൊന്തും
ഹിംസോഗ്രഹസ്തംപോലേ!

+ + + +
+ + + +

ഉദ്ധതസാമ്രാജ്യദുർ-
മ്മോഹത്തിൻ കഴ്വേററമേ!
ഗൃദ്ധ്റവേഷത്തിൽ നീതാ-
നല്ലല്ലീ,യതിൻമോളിൽ?

---

# വിശാലഏഷ്യയുടെ ശപഥം

ഒന്നു്

ഒരേലക്ഷ്യ,മൊരാദർശ,-
　　മൊരേസംസ്കാര,മീനമ്മ-
ളൊരേ മാതാമഹി—ഏഷ്യാ-
　　തൻെറ പൗത്രന്മാർ;
ഉന്നതനാം ഹിമവാൻെറ-
　　യുഭയപാർശ്വത്തിൽപ്പെട്ടു
ഭിന്നഭാവം പൂണ്ടുപോയ
　　സോദരർ നമ്മൾ;
"വിശാലഏഷ്യ"യാം കൂട്ടു
　　കുടുംബത്തിൻതായ്‌വഴിക്കാർ
വിശിഷ്ടമാം പൂർവ്വകാല
　　ചരിത്രമാന്യോർ;
ശ്രീകൈലാസാദ്രിയാം വെള്ളി-
　　ത്താഴികക്കുടമണിയു-
മേകമനോഹരഹർമ്മ്യ
　　വാസികൾ നമ്മൾ;

ഏകോദരസാഹോദര്യ
ബന്ധമെന്നും സ്മരിയ്ക്കാവൂ,
ഏകോദ്ദേശ്യസിദ്ധിയ്ക്കൈക്യ
ശക്തിനേടാവൂ!!

## രണ്ട്

ഉദ്ധതക്ഷുബ്ധകല്ലോല
മാലയാൽ പ്രഭാതഭേരി
മദ്ധ്യധരണ്യാഴിമേന്മേൽ
മുഴക്കീടവേ
വിശാലശാന്തഗംഭീര
ശാന്താബ്ധിയിൽനിന്നു പൊന്തും
വിഭാതാർക്കൻ തന്മഹസ്സി-
ലുണൎന്നുയൎന്നും,
മഞ്ഞുറഞ്ഞു മരവിച്ചാ-
ധ്രുവസാഗരമിടത്തും
മഞ്ജുളമാമിന്ത്യനാഴി
വലത്തുമായി
ഇന്ദ്രദിയ്ക്കുനോക്കി സൗമ്യ
മന്ദസ്മേരം തൂകിനില്ക്കും
സുന്ദരപ്രൗഢാംഗിയേഷ്യാ
ഭൂദേവിയല്ലീ

അനവദ്യാമൂല്യാദർശ–
വിഭവാഢ്യ, അസ്മദീയ–
ക്കഭിവന്ദ്യകുലമാതാ,
വീരസവിത്രി,
പ്രാചീനസംസ്കാരമുഖ്യ
കേദാരമാമാര്യധാത്രി,
പ്രാചിതൻപൊന്നൊളിപൂണും
പുരാണഭൂമി,
സർവ്വതത്വശാസ്ത്രം പൂത്തു
വസന്തശ്രീവിളയാടും
സർവ്വധർമ്മജന്മഭൂവാം
അദ്ധ്യാത്മാരാമം!!

മൂന്നു്

അടിമകളല്ലാനമ്മൾ,
അവശരല്ലിനി നമ്മൾ,–
അഭിമാനമാത്മരാഷ്ട്ര–
സേവയിൽക്കാണ്മോർ!
സാമ്രാജ്യദുർമ്മോഹത്തിന്നു
കഴൽകുത്താനിടം കിട്ടി–
ല്ലിമ്മന്നിൽ, നാമുണരുകിൽ,
ഒത്തൊരുമിക്കിൽ.

സ്വാതന്ത്ര്യത്തിൻകടൽതാണ്ടി-
പ്പറന്നിറങ്ങുവാനേതും
സാദ്ധ്യമല്ലീനാട്ടിലൈക്യം
തഴച്ചീടുന്നില്ലെങ്കിൽ.
വിദേശവാതത്തിന്നൊത്തു
വേച്ചുവേച്ചു തുള്ളാനല്ലാ
വീതശങ്കം നാമുയർത്തും
വെന്നിക്കൊടികൾ!
പൗരുഷവും, സ്വകർത്തവ്യ-
ധീരതയും, പൗരബോധ-
ഗൗരവവും പുലരട്ടെ
പൗരസ്ത്യർ നമ്മിൽ!

ഭിന്നമതം, ഭിന്നഭാഷ,
ഭിന്നവേഷമെന്നാകിലും
ഒന്നുതന്നേ ജീവൽപ്രശ്നം
നമുക്കു മുന്നിൽ!!

## നാല്

സാമ്രാജ്യതൃഷ്ണയേ, വർണ്ണ-
ചാപല്യത്തേ, ആധിപത്യ-
ദുർമ്മോഹത്തേ, രാഷ്ട്രതന്ത്ര
കാപട്യത്തിനേ,

ജയിയ്ക്കുവാൻ, നിഹനിപ്പാൻ,
ഉന്മൂലനം ചെയ്യാൻ, നാമി-
ന്നയത്തെണമൊരുമിച്ചു
ധീരഹസ്തങ്ങൾ!

നവയുഗവിഭാതത്തി-
ലുണന്നെഴും പൂവ്വദിക്കിൻ
യുവരക്തത്തുടുപ്പതാ
വിണ്ണോളം വീശി!!

+ + + +

+ + + +

"അക്രമങ്ങളമത്താതേ,
ലോകശാന്തിപുലത്താതേ,
ഉഗ്രനയതന്ത്രവ്യാജ
നാട്യം നിത്താതേ,
അടങ്ങുകയില്ലാ, ധമ്മ-
സംഗരരംഗത്തിൽനിന്നും
മടങ്ങുകയില്ലാ", ദൃഢ-
"ശപഥം" ചെയ്യാം!!

# സ്വാതന്ത്ര്യം

## ഒന്നു്

പാഞ്ഞുമുന്നോട്ടു കടക്കുവാനാശയാ-
ലാഞ്ഞുകുതിയ്ക്കുന്നു ചിത്തം പലപ്പൊഴും;
കൂൎത്തുള്ളമുള്ളുകളെത്രയോ, ചുററിലും
കോൎത്തുവലിയ്ക്കുന്നു പിന്നോട്ടു നിർദ്ദയം!

ത്വക്കിൻപുറത്തല്ല വേദനപോലുമെ-
ന്നുൾക്കരുന്റിന്നതിദുസ്സഹമാകയാൽ
തെല്ലുയരാ,നൊന്നുനീങ്ങാ,നനങ്ങുവാ-
നില്ലമേധൈൎയ്യ,മടിമയെനിയ്ക്കുഞാൻ!!

നൈരാശ്യസന്തപ്തനിശ്വാസമോടശ്രു-
ധാരാപരിക്ഷീണദിനസ്വനങ്ങളിൽ
"സ്വാതന്ത്ര്യ"മെന്നു ജപിച്ചുകേഴുന്നിതാ
സ്വാതന്ത്ര്യമെന്തെന്നറിയാത്തമന്മനം!

## രണ്ട്

അക്ഷമ.മാനന്ദനൃത്തനം ചെയ്യുമാ-
റ,ക്ഷികളാനവജ്യോതിസ്സിലെത്തവേ
പെട്ടെന്നുപാഴ്ക്കരിക്കാറകൾ കൊണ്ടിതാ
കെട്ടിമറച്ചുപോ,യെൻ ദൃഷ്ടിവീഥികൾ!

താരാപഥത്തിലും ചക്രവാളത്തിലും
ചേരാൻകൊതിച്ചുമിഴിച്ചുമൽക്കണ്ണുകൾ
സന്തപ്തബാഷ്പാംബു വാർത്തുവാർത്തന്തിനോ
സന്തതം ക്രൂരിരുൾ തപ്പിക്കഴിയുകയായ്!

നേരിയ പാഴ്മറപോലും പൊളിയ്ക്കുവാൻ
ധീരതപോരാഞ്ഞുപിൻതിരിഞ്ഞല്ലലാൽ,
"സ്വാതന്ത്ര്യ"മെങ്ങെന്നുതേടിക്കുഴയുന്ന
സ്വാതന്ത്ര്യമേ കണികാണാത്ത കണ്ണുകൾ!

## മൂന്ന്

പാരതന്ത്ര്യം പരൻ നൽകുന്നതല്ല,ത്തു-
ഭീരുക്കൾതാനേവരിയ്ക്കുയാണെപ്പൊഴും;

ഘോറവൃഭയപ്പെട്ടൊതുങ്ങിയിരിയ്ക്കയാ—
ലേററമൂടക്കിഞാനിപ്പൊഴ് വലകളിൽ!

നാക്കിനും,കൈകാൽമിഴികൾക്കുമൊക്കെയും
വായ്ക്കും കുരുക്കിട്ടേന ഞാൻ പഴിയ്ക്കില്ലമേൽ;
ധീരനായ് മുന്നോട്ടു കാലൊന്നു വയ്ക്കുകിൽ—
ത്തീരു,മീബന്ധങ്ങളത്രയ്ക്കു ദുർബ്ബലം!

നൈരാശ്യഗർത്തത്തിലാണ്ടു നശിയ്ക്കാതെ
സ്വാരാജ്യസൗഖ്യങ്ങളിബ്ഭുവിൽ നേടണം!
"സ്വാതന്ത്ര്യ"മെങ്ങുനീ ദൂരെത്തിരയുന്നു?
സ്വാതന്ത്ര്യനത്തമമാമെൻ ധീരചിത്തമേ!

# മായാവിമാനം

കർണ്ണധാരനുമെന്യേ
"റേഡിയോ"മൂലം ഭവാൻ
പൂർണ്ണമായ് നിയന്ത്രിയ്ക്കും
മായികവിമാനം ഞാൻ!
തച്ഛക്തിതരംഗങ്ങൾ
പ്രസരിപ്പിപ്പൂ ഭവാ-
നിച്ഛപോലെന്നിൽ ഞാനാം
ചേതന വിളയാടാൻ.

ബോംബിടാം, ലഘുലേഖ
ചൊരിയാം, പൂവർഷിയ്ക്കാം-
മെൻപ്രഭോ! യഥാഭീഷ്ടം,
ഗൂഢമെൻ യാത്രാലക്ഷ്യം!
ആഹവത്തിലും ശാന്തി
കാലത്തും നയിപ്പൂ നീ-
ഊഹമെത്താത്ത നിത്യ
നിസ്തുലവിഹായസ്സിൽ!!

അത്ഭുതം ത്വത്സന്ദേശം
    തെല്ലെന്നിൽക്കൂടിബ്ഭവാ-
നീപ്പാരിൽപ്പരത്തുവാൻ
    കൗതുകം കൊള്ളുന്നാകിൽ
ഇരുൾമേഘത്തിൽത്തടി-
    ല്ലേഖയായ്, ശുഭാഹസ്സി-
ലൊരു കിന്നരദിവ്യ
    ഗാനമായ്,പ്പുറത്താവൂ!

ചെന്നുവീണടഞ്ഞാലു,-
    മനപായമായ്ഭവൽ-
സ്സന്നിധിയണഞ്ഞാലു,-
    മൊന്നുപോൽ കൃതാർത്ഥൻ ഞാൻ!!

---

# ആരാമത്തിൽ

ഇന്നത്തെവേലതീർത്തന്തിയ്ക്കീപ്പൂങ്കാവിൽ
വന്നിട്ടുമെന്തിത്ര വെമ്പൽ, തോഴാ?

കൂലിപ്പണമെണ്ണിയെണ്ണിയിരിയ്ക്കുകിൽ-
ച്ചേലിലീപ്പൂവാടി കാൺമതേവം?

ഇമ്മഴുതേച്ചിന്നേ നാളെയ്ക്കൊരുക്കണോ,
നന്മൃദുഗാനം ശ്രവിയ്ക്കരുതോ?

സൗരഭം പൂശുന്ന പൂംകാററുവീശുമ്പോൾ
ഭാരമിറക്കിയിളയ്ക്കരുതോ?

മേലാൾകയർത്തതും കൂലികുറച്ചതും
ആലോചിച്ചാസ്യം കനിച്ചിരുന്നാൽ

മുഗ്ദ്ധവസന്തത്തിന്നാതിഥ്യമേല്ക്കാതേ
തീർത്ഥക്കരെപ്പാപിയാവുകില്ലേ?

ആനന്ദകല്ലോലമാലകളാട്ടമീ
ആരാമഗംഗയിൽ മുങ്ങിനീന്തൂ!!

# മരണം

## ഒന്നു്

“മരണം,—വെറും ‘വൃത്തി-
ഹീന’നാം പിച്ചക്കാരൻ!

അരയിൽക്കരിമ്പട
ക്കീറത്തുണ്ടുകൾ കെട്ടി

പതിവായ് ബീഭത്സമീ
രൂപമെൻ ജീവിതത്തിൻ

പടിവാതിൽക്കലെന്തി-
നാസഹ്യപ്പെടുത്തുന്നു?

സാധുവല്ലിവൻ, കണ്ടാൽ-
ഭയമാംകരിംക്രൂരറൻ,

ബാധയായ് ത്തീർന്നു, പോകി-
ല്ലെൻ“ധർമ്മം” വാങ്ങിടാതെ!

കണ്ടുകണ്ണിണയ്ക്കൊന്നും
കന്മഷം ഭവിയ്ക്കാതെ

കല്ലെറിഞ്ഞോടിയ്ക്കുതാൻ
കർത്തവ്യമിനിവേഗം!”

അവിവേകത്തിൻമൂഢ-
പ്രേരണമൂലം, കഷ്ടം!
ഇവിധം കരുതിഞാൻ
കഴിച്ചു മമ ബാല്യം!
ലോകജീവിതസൗഖ്യ
മധുരാഹാരം തെല്ലു-
മേകുകില്ലവനെ,ന്ന-
ന്നുറച്ചു കൊതിയൻ ഞാൻ!
കടനം കടന്നാളി-
ക്കരിയ്ക്കും മുൻപേയെന്നെ
സദയം ക്ഷണിയ്ക്കുവാൻ
വന്നതായിരുന്നപ്പോൾ!!

## രണ്ട്

"മരണം",—പരിതപ്ത
ചിത്തനാം മനുജന്നു
കരുണം സമാശ്വാസ
മരുളും ഹൃദയാലു!
എത്രനാൾ അനുകമ്പാ-
കുലനായ് വീണ്ടും വീണ്ടും
മിത്രബുദ്ധിയാലിങ്ങു
വന്നെന്നെ വിളിച്ചുപോയ്!

ഭാവിജീവിതഘോര
കാനനേ കുഴങ്ങാതെ

പൂവിതൾ വിതറിയ
സുന്ദരാദ്ധ്വാവിൽക്കൂടി

എത്രയും ചാരത്തൊരു
നിത്യവിശ്രമം നൽകും

ചിത്രമന്ദിരത്തില-
ന്നെത്തുവാൻ കഴിഞ്ഞെന്നേ!

തിരിയാ വഴിയിപ്പോൾ;
വരവും നോക്കിത്തന്നെ

കരയും കരളുമായ്
കാത്തു ഞാനിരിയ്ക്കട്ടെ!

എങ്ങിനിയന്വേഷിപ്പൂ
ഭവ്യനാമദ്ദേഹത്തെ,-

എങ്ങാനും കണ്ടെന്നാകി-
ലോടിയെത്തുവൻകൂടെ!

ചെയ്തുപോയ് അപരാധം;
ക്ഷമിപ്പാൻ കണ്ണീർമഴ-

പെയ്തുഞാനപേക്ഷിയ്ക്കും;
ദയാർദ്രനല്ലോ മൃത്യു!!

# ശോകം

## ഒന്നു്

സന്തോഷകല്ലോലങ്ങ-
ളുയരാനിരുപാടും
സന്താപം കുഴിയ്ക്കേണം
കണ്ണുനീർക്കിടങ്ങുകൾ.
എത്രമേൽ ഇരുൾമഷി
മൂടുന്നു രജനിയേ,
അത്രമേൽ മനോഹരം
ഉഷസ്സിൻ മൃദുഹാസം.
ക്ഷീരാബ്ധി വിട്ടീനീല-
വിൺപട്ടിൽപ്പതിഞ്ഞിട്ടേ
താരേശരത്നത്തിന്നും
തിളക്കം തികഞ്ഞൊള്ളൂ!

ശോകമാമാചാര്യൻെറ
ദീർഘശിക്ഷണം കൊണ്ടേ
പാകത സമാർജ്ജിച്ചു
മാനുഷൻ മഹാധന്യൻ.
പങ്കത്തിൽപ്പൊതിഞ്ഞാലും
ലോകജീവിതത്തനി-
ത്തങ്കത്തിൻ ശരിമാററു
കാണുവോനവൻമാത്രം!

പാഴ്ച്ചെളി തുടയ്ക്കാതെ,
കല്ലിലൊന്നുരയ്ക്കാതെ,
കാഴ്ചയിൽപ്പുഴിയ്ക്കുന്നു
കാചബുദ്ധിയാലന്യൻ!

ശോകത്തിൻ പുകകേറി-
ക്കറുത്ത നെഞ്ചിൽച്ചേർന്നാൽ
ശോഭിയ്ക്കും മഹാർഘമാ-
യേതൊരു ചെറു 'മുത്തും'!!

## രണ്ട്

ഒരല്പം തെളിഞ്ഞങ്ങോ
മാഞ്ഞുപോം മഴവില്ലിൽ,
ചിരിച്ചുനില്ക്കത്തന്നേ
വീണുപോം സുമങ്ങളിൽ,
നശ്വരാനന്ദത്തിന്റെ-
പുറംപൂച്ചത്രേകണ്ടു
വിശ്വസിച്ചിരുന്നു ഞാൻ,-
ഇന്നിപ്പോൾക്കരയുവാൻ!

ആഹ്ലാദവഹ്നിജ്വാല
വമിപ്പൂ കെടുധൂമം
അഹന്ത! വിണ്ണിൽപ്പോലും
കരിങ്കാർ പരത്തുവാൻ!

ഹഷത്തിൻ കൊലച്ചിരി
യാം വെയിലല്ലാ, ശോക-
വഷത്തിൻ കുളമ്മതാ-
നലകം തളിപ്പിപ്പൂ!

സൗഖ്യത്തിൻ നിഴൽനോക്കി-
പ്പിന്നാലേയിഴയാതേ-
യിക്കണ്ണീരലയാഴി-
യ്ക്കൂടിയിൽത്തിരയാവൂ!
ദിവ്യരത്നൗഘംവീശും
ശാശ്വതപ്രകാശത്താൽ
ഭവ്യമാസ്ഥലം രാത്രി-
യില്ലാത്ത നവലോകം!

അല്ലെങ്കി,ലൊരു കണ്ണീർ
ത്തുള്ളിയാൽ മുത്താകാത്ത
തല്ലല്ലോ ഭവാബ്ധിയിൽ
ക്കിടക്കും പാഴ്ച്ചിപ്പികൾ!!

# തടവിൽ

## ഒന്നു്

പാരതന്ത്ര്യക്കരിങ്കല്ലറയ്ക്കുള്ളിൽ ഞാൻ
തോരാതെ കണ്ണുനീർ വാർത്തുവാൎത്തീവിധം
എത്രനാളായിക്കിടക്കുന്നു, മോചന-
മെത്രനാൾക്കൂടിക്കഴിഞ്ഞിനിക്കൈവരും?

ക്രൂരിരുൾവ്യാപിയ്ക്കുകൊണ്ടിതി,നുള്ളിലേ-
ഗ്ഘോരതനേരിട്ടുകണ്ടറിയായ്കയാൽ
തപ്പുന്നുരാപ്പകൽ, മോചനമാൎഗ്ഗത്തി-
ലിപ്പോളടുക്കുമടുക്കുമെന്നോൎത്തു ഞാൻ!

അങ്ങിങ്ങുമുട്ടിമുറിച്ചെ,ൻ നിണംകൊണ്ടു
കുങ്കുമം ചാൎത്തും തുറുങ്കിൻകൊലച്ചിരി
കുററിരുട്ടത്തുഞാൻ കാണുന്നു, ഭിത്തിമേൽ-
പ്പാറുന്ന മിന്നാമിനുങ്ങിൻ തിളക്കമായ്!

മന്ദം ചിറകടിച്ചെത്തും ദിവാന്ധങ്ങ-
ളെന്നെവലംവച്ചു വീശും പലപ്പൊഴും;
സന്താപവഹ്നിവളൎത്തുവാൻ, നൈരാശ്യ
ചിന്തയേത്തട്ടിയുണൎത്തുവാൻ, മാത്രമായ്!

## രണ്ട്

പൊയ്പ്പോയമാദകസ്വാതന്ത്ര്യദീപ്തിയോ-
ർത്തിപ്പോൾപ്പുറകോട്ടു പായുന്നു മാനസം;
അന്നത്തെയുല്ലാസ,മന്നത്തെയുത്സാഹ,-
മന്നത്തെയുന്മാദകോലാഹലോത്സവം!

ഞാനന്നൊരോമൽപ്പതംഗമായ് സ്വാതന്ത്ര്യ-
വാനത്തിലലിമരപോൽപ്പാടിപ്പറന്നതും,
സ്മേരപ്രസന്നപ്രഭാതസമീരനേ
നേരിട്ടു മത്സരിച്ചോടിജ്ജയിച്ചതും,
ദുസ്തരമാ,യപ്രമേയമാം വാനിന്റെ
വിസ്തൃതനിർമ്മലനീലാങ്കണങ്ങളിൽ
താരകബാലരൊത്തമരിന്നനിർവൃതി-
ധാരയിൽച്ചിത്തംകുളുർക്കെമേളിച്ചതും,
അന്തരീക്ഷത്തിലേ ഹൃദ്യസൗരഭ്യവു,-
മന്തിയുഷസ്സുകൾക്കുള്ള സൗന്ദര്യവും,
ഇന്നും മധുരസൽസ്വപ്നങ്ങളായ് മുന്നിൽ
വന്നുനിരക്കുന്നു പൂർവ്വസ്മരണകൾ!

## മൂന്ന്

തപ്തനിശ്വാസം നിറുത്തുവാൻ, കണ്ണുനീർ
വീഴ്ത്താതൊതുക്കുവാൻ, നിദ്രയിൽച്ചായുവാൻ

ഇന്നോളമെത്രഞാൻ യത്നിച്ചു നിഷ്ഫല-
മി,ന്നുമീബന്ധനം നവ്യദുഃഖപ്രദം!

അല്ലിനും വൻകരിങ്കല്ലിനുമുണ്ടാക-
യില്ലനുതാപമെൻ തപ്താശ്രുധാരയിൽ;
മാറ്റൊലിയാലെൻ വിലാപസ്വരങ്ങളേ
മുററും പരിഹസിച്ചാർക്കുകയാണവ!

ഇക്രൂരിരുളറവിട്ടൊന്നിറങ്ങുവാ-
നെക്കാലമുണ്ടാമെനിയ്ക്കു ഭാഗ്യോദയം?
സ്വാതന്ത്ര്യസുന്ദരസൗഗന്ധികോല്ലസൽ-
സൂനവാടിയ്ക്കുള്ളിൽ മേളിപ്പതെന്നിനി?
സ്വാതന്ത്ര്യസൗരഭം പൂശിയ മാരുത-
പോതങ്ങളൊത്തു കളിയ്ക്കുവതെന്നിനി?

\+ + + +

\+ + + +

എന്തോ ഞാൻ കണ്ടറിയാത്തതമിസ്രയി-
ലെന്നേയ്ക്കുമിങ്ങനെയിട്ടേക്കുമോവിധി?
കാരാലയത്തിൽ മരിച്ചുജീവിയ്ക്കയിൽ-
ഗ്ഘോരാപമൃത്യു വരിയ്ക്കയാണുത്തമം!!

---

# കല്ലും കരിയിലയും

## ഒന്നു്

വഴിയിൽക്കിടക്കുമീ-
ച്ചെറുകല്ലേവം ചൊൽവൂ:-

"പഴിവാക്കോതുന്നെന്നെ
നോക്കിയീപ്പഥികന്മാർ;

വഴിയാധാരസ്ഥിതി
വന്നിട്ടും പരദ്രോഹം

കഴിയുംവിധം ചെയ്യും
വൻപാപിയത്രേ, ഞാനും!

"വെറുതേ വിധിയിങ്ങോ-
ട്ടെറിഞ്ഞു, മാറാൻ സ്വയം

തിറമില്ലിവിടേവം
കേഴുക തന്നേ ഗതി!

ആതപം പഴുപ്പിയ്ക്കും,
മഴയാൽക്കൂടും മൂർച്ച,

സാധുഞാൻ പ്രകൃതിതൻ
കയ്യിലേച്ചെറുശസ്ത്രം!

"പല്ലവപാദങ്ങൾക്കു
പീഡഞാൻ ചെയ്യുന്നുണ്ടാം,—
മല്ലലാലെൻചിത്തവും
നീറുന്നുണ്ടപ്പോഴെല്ലാം;
കല്ലിനും കണ്ണീരുണ്ടു,
കാണാനുൾക്കണ്ണില്ലാത്തോ—
രല്ലയോ ഗത്യന്തര—
ഹീനരെപ്പഴിയ്ക്കുവോർ?

"ശഷ്പപാളിയാൽ പച്ച—
നീരാളം പുതച്ചെന്റെ
ശപ്തമാം ജന്മസ്ഥിതി—
ലെന്നേയ്ക്കും മറഞ്ഞെങ്കിൽ!!"......

## രണ്ടു്

കാററടിച്ചെങ്ങോപാറും
ശുഷ്കപത്രമൊന്നേവ—
മേററവും വിനീതമാ—
യർത്ഥിയ്ക്കയാവാം, പക്ഷേ:—
"വന്ദനം ജഗൽപ്രാണാ!
നിൻമതം പോലെങ്ങെങ്ങോ
ചെന്നുവീണടിഞ്ഞോളാം
സ്വശക്തിവിഹീനൻ ഞാൻ;

എങ്കിലും പരന്മോക്കേൻ
ശുഷ്ക്കമാം ജഡമല്ല-
മെങ്കിലും പ്രയോജകീ-
ഭവിയ്ക്കിൽക്കൃതാത്ഥൻ ഞാൻ!
നല്ലകാലത്തും വർണ്ണ
പ്പകിട്ടോ പ്രഭാവമോ
തെല്ലുമേ കാംക്ഷിയ്ക്കാത്തോ-
രെ,ന്നന്ത്യമേവം പോരും!

ക്ഷുദ്രപാഷാണാകീർണ്ണ
കാപഥമൊന്നിൽച്ചെന്നു
വിഭ്രാന്തം വീഴട്ടേ ഞാ-
നൊട്ടതിൽപ്പരിതൃപ്തൻ;
മഞ്ഞുനീർക്കണം വീണു
കുതിന്നും, ദ്രവിച്ചു, മ-
ങ്ങഞ്ജസാംപഥി മൃദു-
വിരിപ്പായ് ഭവിയ്ക്കാവൂ!
അചിരാൽ തൃണജാല-
മങ്ങെങ്ങും പടരുമ്പോ-
ളുവതൻ ചെറുവേരി-
ന്നുരമായ് മറയാവൂ!!

# ഏറുപമ്പരം

മൂക്കുകുത്തിക്കറങ്ങുവാനായ് ഭവാ–
ന്തൃക്കിലിങ്ങോട്ടെറിഞ്ഞൊരീപ്പമ്പരം
ഏറെവട്ടം തിരികിലാം, ബാലന്മാ–
രേറെയാർത്തിതിൻ ചുററിലും കൂടിലാം,
കല്ലിൽമുട്ടി മറിഞ്ഞാശു വീഴിലാം,
വല്ലകുണ്ടിലുംപെട്ടു മറകിലാം!

എത്രനില്ക്കേണ,മെത്ര കറങ്ങണം,
എങ്ങുവീഴേണ,മെങ്ങുമറയണം,
ഈവക, പരസൂത്രാവലംബിയാം
പാവമെങ്ങിനെ നിശ്ചയിപ്പൂ സ്വയം?

രണ്ടുമാത്രയ്ക്കെന്നാലു,മൊരോമൽപ്പൂ–
ച്ചെണ്ടുപോലിങ്ങുനില്ക്കും ഞാൻ എങ്കിലോ,
ചായമിട്ടുപകിട്ടേകി, നൂൽവരി–
ഞ്ഞായപോൽ വീണ്ടുമിങ്ങെറികെൻപ്രഭോ!!

# ഏകാന്തകുസുമം

## ഒന്നു്

നിഷ്പ്രയോജനമിങ്ങു
നില്പാനെൻവിധിയെങ്കി-
ലിപ്പൊഴേ തുലയട്ടേ,
നിരർത്ഥം മമജന്മം!
നാളെയുമുഷസ്സിങ്കൽ
കേണുകേണയ്യോ! നില്പാൻ
നാണമാകുന്നു; വററീ-
കണ്ണീരിന്നുറവിന്നേ!
വല്ലത്തുമൊരുവാക്കു
കരുണം കഥിയ്ക്കുവാൻ
വന്നൊരരീക്കുളിർകാററു
മിടയ്ക്കു ചോദിയ്ക്കുന്നു:-
"തിരിഞ്ഞുനോക്കാൻപോലും
തോന്നാത്ത മുൾക്കൂട്ടത്തിൽ
വിരിഞ്ഞുവാടാൻ നിന-
ക്കെന്തിനീസൗഭാഗ്യങ്ങൾ?"

ഇരുൾവണ്ടുകൾ വന്നൊൻ
കവിളിൽക്കുത്തികൊണ്ടു
മുരളും നിന്ദാസ്തുതി-
യ്ക്കിതാവാം പൊരുൾപക്ഷേ!
ശരിയായ്പ്പറയുന്നീ-
ലിവരെൻ പരമാർത്ഥം,
പരിതാപത്തിൻഭാരം
പോക്കുവാൻ പരിഹാരം!

ഇങ്ങിനിനിരുദ്ദേശ്യം
നില്ക്കുവാൻവയ്യാ, വീണു
നിൻകഴല്ക്കുടൻ കൂപ്പി
മണ്ണടിഞ്ഞേക്കാം ദേവാ!!

രണ്ടു്

ലോകമേ കണ്ടിട്ടില്ലാ;
ജീവിതം പഠിച്ചില്ലാ;
"ശോക"മേയൊരുകൂട്ടാ-
യിപ്പൊഴുമെനിയ്ക്കുള്ളൂ!
ആനനം താഴ്ത്തിത്തേങ്ങി,-
യശ്രുംവാൽമിഴിമങ്ങി,
മാനസേ നൈരാശ്യത്തിൻ
മാരിക്കാർനിരതിങ്ങി,

വ്യാകുലഭാരം താങ്ങി-
ച്ചുട്ടുവീർപ്പിടും പാവം!-
"ശോക"മോ, തരുവാൻമേ,
ജീവിതതന്ത്രാഭ്യാസം?

പൊന്നുഷഃപ്രകാശത്തി-
ലൊരു പൂമ്പാററയ്ക്കൊപ്പം
തെന്നലിൽപ്പറക്കുവാൻ
കുതിയ്ക്കുംമ'ത്സാഹസം'!

അക്ഷണമകം പൊട്ടി,
ആമോദം തകർന്നി,ളം-
പക്ഷങ്ങൾ തളർന്നുഞാൻ
തുഷാരബാഷ്പംതൂകും!

അന്തി,പൊന്നാണിയിച്ചു
പുഞ്ചിരിപ്പിയ്ക്കാനെത്താം,
ഹന്ത! ഞാൻ വാടിത്താഴെ
വീഴിലാമപ്പോഴേയ്ക്കും!

കണ്ണീരിൽത്തുടങ്ങിപ്പോയ്,
അതിൽത്താൻ കഴിഞ്ഞോട്ടേ,
പിന്നീടുള്ളൊരു ജന്മം
മുഴുവൻ ചിരിച്ചോളാം!!

---

# ദിവാസ്വപ്നസന്ദേശം

## ഒന്നു്

മാമരത്തുഞ്ചലിൽത്തൂങ്ങുന്ന വാവലോ-
ടാമധുമക്ഷിക ചോദിയ്ക്കയായ്:-
"സോദരാ! താവകസ്വച്ഛന്ദനിദ്രയ്ക്കി-
ല്ലേതൊരുനാളും വിരാമമെന്നോ?
ജീവിതമാത്സ്യമേദ്ദുരഭാരത്താ-
ലേവരും ഞെങ്ങിഞെരുങ്ങിവാഴ്കെ,
കാണിയിളയ്ക്കാതെ കാണാതാവോളവും
പ്രാണികളക്ഷീണയത്നം ചെയ്കെ,
ആലസ്യലോലനായ്, ആലോചനാഹീനൻ
കാലംകഴിയ്ക്കുന്നതെന്തേ ഭവാൻ?

ദന്തവും പക്ഷവും ചേർന്നോരത്യത്ഭുത-
ജന്തു നീ ലോകനിയമാതീതൻ!
അല്ലെങ്കിലെന്തിതിൽ ശങ്ക, തലകീഴാ-
യല്ലോ ഭവൽസ്ഥിതിയേതുനാളും!!"

## രണ്ട്

തെല്ലിളകാതേവം മന്ത്രിച്ചവവ്വാൽ,—"നീ-
വല്ലതും ലോകം പഠിച്ചവനോ?
ഭുവിൻക്ഷണികസൗഭാഗ്യത്തിൽവിശ്വാസാൽ
പൂവിൽപ്പുതുമധു തേടുവോനേ!
ഇത്രമേലദ്ധ്വാനം ചെയ്തുസമാർജ്ജിച്ച-
തെത്രയുണ്ടിപ്പോൾ നിൻകൈവശത്തിൽ?

തീവച്ചുചുട്ടും പുകച്ചും നിൻസമ്പത്തും
ജീവനും കൊള്ളക്കാർ കൈയടക്കാൻ
വിശ്രാന്തിയെന്നിയേ വേലചെയ്താർജ്ജിയ്ക്കും
വിഡ്ഢിയാംനീയല്ലീചിന്താശൂന്യൻ?

\+ + + +

\+ + + +

കാപട്യവക്രമായ് കീഴ്മേൽമറിഞ്ഞോരീ
ലോകത്തിൻരൂപം ശരിയ്ക്കുകാണ്മാൻ
ഏതിലും യോജിയ്ക്കും വേഷംപൂണ്ടുച്ചത്തിൽ
നീതലകീഴായിത്തൂങ്ങിനോക്കൂ!!"

# കാലനിമ്നഗ

## ഒന്നു്

"ത്വരിതംകരകത്തി-
പ്പാഞ്ഞുപോംസരിത്തിന്റെ
അരികിൽക്കണ്ണീർവാർത്തു
നില്ക്കുന്ന തരുക്കളേ!
മണ്ണിടിഞ്ഞൊഴുകത്തി-
ലിഴയും വേരാൽ,നാശ-
കുണ്ഡലിഗ്രസ്തമൂല-
രായല്ലോനിൽപ്പൂനിങ്ങൾ!
തീരെവിട്ടില്ലാ ഭൌമി-
കാലംബ,മൊന്നോരണ്ടോ
നാരുവേരൊരുവശ-
ത്തീമണ്ണിൽക്കാണുംപക്ഷേ!
തലതാഴ്ത്തിയിക്ഷുബ്ധ
വാഹിനിയോടോ, കഷ്ടം!
ഫലമില്ലാതേ നിങ്ങൾ
കാരുണ്യമിരക്കുന്നു?

സൌരഭംവായ്ക്കും പുഷ്പ-
മെത്രമേലർച്ചിച്ചാലും,
മാരിപോൽ മിഴിനീര-
മ്മേനിയിൽപ്പൊഴിച്ചാലും,
ഭാവഭേദമേയില്ല
തെല്ലുമാസ്സംഭീരയ്ക്കു്-
കേവലംനിജാനന്ത
യാത്രൈകനിരതയ്ക്കു്!

നിങ്ങളേപ്പിഴതത്ര-
ദ്ദൂരെച്ചെന്നു,പാരമാം
വൻകടൽക്ക,ടിയറ
വയ്ക്കുമീനദിയിപ്പോൾ!"

## രണ്ടു്

ഇളകിച്ചോടേപെറി-
ഞ്ഞങ്ങതാ, പതിയ്ക്കുയായ്
പുളയുംസ്രവന്തിതൻ
വക്ഷസ്സിലൊരുവൃക്ഷം
ചുഴിയിൽത്താഴും നേരം
നരയാൽ ചിരിച്ചേവം
മൊഴിയുന്നതായ്തോന്നീ,
ഭൂരുഹ,മതിസ്ഫുടം:-

"മാനുഷാ! ഭവൽസ്നേഹ
    വചസ്സിൽക്കൃതജ്ഞൻ ഞാൻ
മാനിയായ് ഭവാൻവാഴ്ക
    വിലയംവരാതെന്നും!
അങ്ങപാരതയിങ്കൽ,—
    അങ്ങഗാധതയിങ്കൽ,—
മുങ്ങിഞാൻ മറയട്ടേ,
    ക്ഷുദ്രനശ്വരജീവി!
ജീവിതം പാരാർത്ഥമാ—
    യിത്രയും നയിയ്ക്കയാൽ
ഭാവിയിലെനിയ്ക്കില്ലാ—
    രാശയും നിരാശയും.

മരണശ്വാസത്തിലും,
    ശാശ്വതോഹമെന്നേക—
സ്മരണാവേശാൽ, മർത്ത്യ—
    ന,ത്യാശാവശംവദൻ!
അലംഘ്യമാകും കാല—
    നിമ്നഗാപ്രവാഹത്തെ—
യറിഞ്ഞിട്ടില്ലിന്നാളും;—
    വിവേകിപോലും മർത്ത്യൻ!!"

---

# മിഥ്യാഭിമാനം

മാനുഷാ! താവക മിഥ്യാഭിമാനത്തിൽ
വാനമീപ്പാരും പകച്ചു നിൽപ്പൂ!
അന്തിയുഷസ്സുകൾ പുഞ്ചിരിച്ചോടുന്നു,
കാന്താരം തൻതലയാട്ടിയാർപ്പൂ,
സാഗരം കൈകൊട്ടിപ്പൊട്ടിച്ചിരിയ്ക്കുന്നു,
സാക്രൂതം നോക്കുന്നു മൂകശൈലം!

ദുർബ്ബലം നിന്നസ്ഥിക്രൂടം ഞെരിയ്ക്കിലും
വേർപ്പുനീർമാരിപോൽ വീഴ്ത്തിയാലും
ഇപ്രപഞ്ചാബ്ധിയിൽച്ചിററലച്ചാർത്തൊന്നു
സ്വല്പമുയർത്തുവാൻ സാധ്യമാമോ?
വിശ്വവിഹായസ്സിലെങ്ങാനൊരുകൊച്ചു
ശാശ്വതദീപം കൊളുത്താനാമോ?

നിന്നഹംബുദ്ധിയാൽ നീയഭിമാനിപ്പൂ
മന്നിൻവസന്തപ്പൂന്തിങ്കളെന്നായ്!!

# ഘൃണാക്ഷരം

കാലപാദപത്തിൻെറ
പല്ലവമൊന്നിൽ വാണു

ലോലമാമേതോവർണ്ണ-
മെഴുതും പുഴുക്കൾ നാം;

മത,സാഹിത്യ,ശാസ്ത്ര,
ചരിത്ര,ധർമ്മാദികൾ

സതതംഘൃണാക്ഷര
രീതിയിൽ വിരചിപ്പൂ!

അസ്പഷ്ടം, നിരുദ്ദേശ്യ
മാണവ; പക്ഷേ, സ്വയ-

മത്ഭുതംകൊള്ളുന്നുനാം,-
മവയേ വീണ്ടും നോക്കി!

ചരിത്രം സൃഷ്ടിച്ചോർ നാം,
പ്രപഞ്ചം ജയിച്ചോർ നാം,

പരക്കെട്ടിവ്യം ധർമ്മം
പ്രവചിച്ചോരാം, പോലും!!

പഴുത്തീയിലനാളെ
ഉൾപ്പുലരിപ്പൂംകാററേററു
കൊഴിഞ്ഞീയെഴുത്തോടേ
മൺമറഞ്ഞീടും വേഗാൽ!

ആയിരം യുഗപത്ര-
മീവിധം പൊഴിഞ്ഞിട്ടു-
മായതമാമീശാഖി-
യ്ക്കില്ലൊരു പുഴക്കുത്തും!

പച്ചിലപ്പുറം തൊലി
കരളും കീടങ്ങളീ-
വൃക്ഷത്തിൻ നെടുതായ
തായ്ത്തടി കണ്ടേയില്ലാ!!

---

# ഇരുളിൽത്തന്നെ

രാവിലെക്കരിമഷി
        മൂടിയവാനം നന്നായ്
രാവിലേ തുടച്ചുടൻ
        വെൺകളിപൂശീട്ടന്തു;
പുലരിക്കവിൾത്തടം
        കണ്ണുനീരെല്ലാം മാഞ്ഞു
വിലസദ്സ്മിതാഭമായ്-
        ത്തീരുന്നു നിമിഷത്തിൽ:
സാഗരം, തിരതല്ലി
        വെൺമണൽവിരിച്ചെത്ര-
വേഗമിത്തീരത്തെങ്ങും
        മായ്ക്കുന്നു കാല്പാടുകൾ;
ചൈതന്യസ്വരൂപനാം
        ദേവനേ സ്വീകരിപ്പാൻ
ജാതതാല്പര്യം ജഗ-
        ത്താദരാലൊരുങ്ങുന്നു!
ഭഗവൻ! മമമനം
        നിരാശാമഷിമൂടി-
വിഗതോല്ലാസം മങ്ങി-
        യിപ്പൊഴുമിരുളുന്നു;

നർത്തനംചെയ്യേൻ ചിത്തേ
നൈരാശ്യപാദാഘാതം
തീർത്ത,വൻകുഴികളിൽ
ക്കെട്ടിനില്ക്കുന്നു കണ്ണീർ
എങ്ങിനെ ഭവാനെ ഞാ-
നാനയിയ്ക്കുന്നു കഷ്ടം!
മംഗലാത്മാവേ! തമോ
നിബിഡം കുടില്ക്കുള്ളിൽ?
അങ്ങെഴുന്നള്ളുമോരോ
മന്ദിരേ തെളിയാവൂ
മംഗലപ്രദീപങ്ങൾ,
ശാശ്വതജ്യോതിസ്സുകൾ!
ആയവകാണ്മാൻപോലു-
മശക്തഹതഭാഗ്യ-
യീയിവൾ, കണ്ണീർപ്പുഴ-
യ്ക്കിക്കരെക്കിടക്കയാൽ!
ഭൂതകാലത്തിൽത്തപ്പി
വീർപ്പിട്ടു കഴിയ്ക്കും ഞാൻ
പൂതമാം ഭവൽത്തേജ-
സ്സെങ്ങിനെയുൾക്കൊള്ളാവൂ?

# കൊടുംകാട്ടിൽ

## ഒന്നു്

മിഴിതെളിച്ചൊന്നു ഞാൻ നോക്കിയപ്പോൾ
വഴിതെററിയിക്കാട്ടിലായിരുന്നു.
നടവഴിത്താരയില്ലൊന്നു കാണ്മാൻ
പടരും മുൾക്കൂട്ടങ്ങളാണു ചുററും.
പരിസരമെങ്ങുമേ കേൾപ്പാനില്ലാ
പരിചയശബ്ദങ്ങളൊട്ടുപോലും.
ചിലവനജീവികൾ മിന്നൽപോലേ-
യിളകിപ്പലവഴി പായുന്നേരം
വഴിതേടിത്തെല്ലിട പിൻതുടരും
കഴിവെന്യേ മുള്ളിലുടക്കിനില്ക്കും!
ഇവിടെ ഞാനെങ്ങിനെ വന്നതാവോ?
അവിടെ ഞാനെങ്ങിനെ ചെല്ലുമാവോ?
ത്തുടലുകളില്ലാത്തൊരിത്തടവിൽ
തുടരേണമിന്നിയുമെത്രകാലം?

## രണ്ടു്

ഒരുചെറുജീവിയുമെന്നെനോക്കി-
പ്പരിചയഭാവത്തിൽനില്പതില്ലാ.

സഹൃദയലോകമല്ലിവനാന്തം
സഹതാപത്തിൻെറ കണികയില്ലാ,
അവനവനോരോന്നു ലക്ഷ്യമാക്കി-
ജ്ജവമൊടു പായുക തന്നെയത്രേ.
വിജനത്തിൽ മുൾക്കുണ്ടിൽ വീഴുവാനോ?
വിജയംവരിച്ചു സുഖിയ്ക്കുവാനോ?

കുഴൽതെററിവീഴും സഹജരോടും
വഴിയിലൊരാശ്വാസവാക്കുമില്ലാ.
അനുകമ്പകാട്ടാത്ത സ്വാത്ഥതയേ
അനുഗമിയ്ക്കുന്നതുമെങ്ങിനേ ഞാൻ?
കനിവിൻെറ വെട്ടമേ കെട്ടകാട്ടിൽ
കഴിയേണമിന്നിയുമെത്രകാലം?

## മൂന്നു്

മമനാഥസന്നിധിിപൂകിടാതേ
സമയമിങ്ങയ്യോ! തുലയ്ക്കുകയോ?
മൃതിഭീതിയില്ലൊരുതെല്ലും, ഉള്ളിൽ-
പ്പതിപാദപൂജയ്ക്കു വെമ്പൽ മാത്രം!
വനഹിംസ്രജന്തുനിർഘോഷ,മാത്ത-
നിനദങ്ങൾ, പൈശാചികാരവങ്ങൾ,
ഉയരുന്നു നാലുഭാഗത്തു,മെന്നാൽ
ഭയമറിഞ്ഞില്ലാമമാന്തരംഗം.

റ്റൂദയേശപരാനന്ദ ദിവ്യഗാന-
മദമൊഴിയാത്തമൽക്കർണ്ണയുഗ്മം
കരളിന്നു തേൻമഴയായിരുന്നാ-
മുരളിതൻഗീതികയോർത്തിരിപ്പൂ!

അവിടെത്തിയാനന്ദനൃത്തമാടാ-
തി,വിടെഞാൻ കേഴേണമെത്രകാലം?

## നാലു്

ഇരുളുമീക്കാടും കടന്നുചെന്നാൽ
പെരുവഴിയപ്പുറമായിരിയ്ക്കാം.
അകലത്താച്ചക്രവാളത്തിലെങ്ങോ
പുകയുന്നു മങ്ങിയാമാർഗ്ഗദീപം;
പരിതൃപ്തിയാത്തേശസ്നേഹധാര-
യരുളാതെ നീറുമെൻ ആശപോലെ!

നിബിഡമാം പച്ചിലക്കാട്ടിലൂടെൻ
നികടമാരശ്മികൾ നീണ്ടണവൂ,
വിരഹത്തിൻതീക്ഷ്ണതയേറുവാനായ്,
കരളിൻെറ രോദനം നീളുവാനായ്!

ഹൃദയേശപ്രേമസന്ദേശമല്ലീ
മൃദുതമം മന്ത്രിപ്പൂമന്ദവാതം?
ഇവകൾതൻ നീരുറവിങ്കലെത്താൻ
വിവശംഞാൻ കേഴേണമെത്രകാലം?

## അഞ്ചു്

അഖിലേശാ! നിൻമടിത്തട്ടിൽ വീണെൻ
അഭിലാഷപൂർത്തിഞാനെന്നാടയും?
മധുരമാം ത്വൽപ്രേമചിന്തകളിൽ
മധുനുകരുന്നുമൽച്ചിത്തഭൃംഗം!
ഒരുവെറും സങ്കല്പമാത്രമോ, നിൻ
തിരുവടിത്താരോടു ചേർച്ച, നാഥാ!
വഴിയൊന്നും കാണാത്ത കാനനത്തിൽ
മിഴിപൊത്തിത്താഴെക്കമെഴ്ന്നുവീഴാം;
അബലഞാനങ്ങെത്താനുള്ള വാഞ്ഛ
വിഫലമാ,യിക്കാട്ടിൽ മണ്ണടിയാം!
കരുണയുണ്ടെന്നിലൊരല്പമെങ്കിൽ
ശരിവഴികാട്ടിനയിയ്ക്കുയില്ലേ?
തവകൃപചേരായ്കിലിക്ഷണത്തിൽ—
ഇവിടെ ഞാൻ മണ്ണിൽ മറഞ്ഞുപോട്ടേ!!

# വരണമാല്യം

മധുകാലത്തിൽബ്ബാല
മഞ്ജരിമലരുമ്പോൾ
മധുരം തവസ്മിതം
മാത്രം ഞാനതിൽക്കാണും

കോകിലാലാപത്തിൽനിൻ
മുരളീഗാനം കേൾക്കും,
ഏകയായ് വിരഞ്ഞങ്ങി-
ങ്ങോട്ടും നിൻ അടുത്തെത്താൻ!

സുമവാടിയിൽത്തിര-
ഞ്ഞന്തിയാകുമ്പോൾ, വാടും-
മമ മാലഞാനല്ലി-
ലെറിയും പതിവായി.

പുതുമൊട്ടുകൾ കോർത്തു
പിറേറന്നാൾ പ്രഭാതത്തിൽ-
പ്പുതുതായൊരു മാല്യം
പിന്നെയും കെട്ടിത്തീർക്കും!

നാഥ! നിൻഗളത്തിലീ-
ച്ചെറുജീവിതഹാരം
സാദരം സമർപ്പിയ്ക്കാ-
നിനിയും വൈകാൻവയ്യാ!
തൂമധുപൊഴിയ്ക്കുമീ-
പ്പൂമാല വാടും മുൻപേ,
കോമളകളകണ്ഠ-
സംഗീതം തീരും മുൻപേ,
വരണസ്രക്കർപ്പിച്ചെൻ-
ജീവിതേശ്വരാ! തവ
വിരിവക്ഷസ്സിൽ വീണു
വിലയം വരുമെങ്കിൽ...!!

# രാഗോപഹാരം

[ഒരു പുഷ്പത്തിൻെറ ആത്മാർപ്പണം]

## ഒന്നു്

സാക്രുതമങ്ങയേ
    ത്തന്നെ നിനച്ചിങ്ങു-
കൈക്കുപ്പിധ്യാനനിശ്ചേഷ്ടയായീ
യാമിനിയാകെയു-
    മേകയായ് ഭീതയായ്
സ്വാമിൻ! ഭവാൻ വരുമീവഴിയിൽ
നല്ലുപഹാരങ്ങൾ
    മാറോടണച്ചുകൊ-
ണ്ടല്ലലാന്നിമ്മലർ മൊട്ടുനിന്നു!
തൃച്ചേവടികളിൽ-
    ച്ചേരേണമെന്നല്ലാ-
തിച്ചെറുജീവിഞാനാശിച്ചില്ലാ!!

### രണ്ടു്

തങ്കക്കരങ്ങളാൽ
സസ്നേഹം പൊന്നുഷ-
സ്സെൻകണ്ണുമന്ദം തുറന്നനില്ലേ
നാകീയ ജ്യോതിസ്സ-
തെൻനാഥനാഗമി-
ച്ചാകെപ്പരന്നതെന്നോർത്തുപോയ് ഞാൻ!

ഹർഷാശ്രുരത്നങ്ങ-
ളെത്രയാണപ്പൊഴേ
വർഷിച്ചതെൻ കൊച്ചുകാണിയ്ക്കയായ്!

തൃച്ചേവടികളിൽ-
കണ്ണീരൊഴുക്കിയെ-
ന്നിച്ചെറുജീവിഞാനാശ്വസിച്ചൂ!

### മൂന്നു്

എൻകവിൾ ചുംബിച്ചു
കണ്ണീർ തുടച്ചുടൻ
പൂംകുളിർത്തെന്നൽ പുണർന്നുകൊൾകെ.

കാരുണ്യശീതളം
ത്വൽപ്രേമസംശുദ്ധ
ചാരുനിശ്വാസമെന്നോർത്തുപോയ് ഞാൻ!

സാമോദം സൗരഭ്യ
സമ്പത്തുസർവ്വവും
സ്വാമിയ്ക്കായ് സാദരം കാഴ്ചവച്ചേൻ!

ത്വച്ചേവടികളിൽ
പ്പൂമണം പൂശിച്ചെ-
ന്നിച്ചെറുജീവി ഞാനാഹ്ലാദിച്ചൂ!!

## നാല്

പ്രേമമധുരമെൻ
ചുററും മുരണ്ടുകൊ-
ണ്ടാമധുപാളി പറന്നുവാഴ്കെ

രാഗഹൃദയനെൻ
നാഥൻ തൻ സംഗീത
രാഗകല്ലോലമെന്നോർത്തുപോയ് ഞാൻ!

സൂക്ഷിച്ചു വച്ചോരു
തുമധുബിന്ദുവും
തല്ക്ഷണമേകിഞാൻ കാഴ്ചയായി!

താവകപ്പാദത്തിൽ
സർവ്വസ്വമർപ്പിച്ചെ-
ന്നിച്ചെറുജീവിതാനന്ദിച്ചു!!

## അഞ്ച്

കഷ്ട!മുപഹാര
വസ്തുക്കളൊക്കെയും
നഷ്ടമായ്, ഹാ! വെറും കയ്യുമായി,

നൈരാശ്യഭാരത്താ-
ലാമന്ദമംഗങ്ങൾ
തീരെത്തളൎന്നിങ്ങു താഴകയാൽ

ക്രൂപ്പാനും മുന്നോപ്പോ-
ലാവാതെ, പിന്നെയു-
മിപ്പാപിഞാനിതാ കാത്തുനില്പു!

താവകപ്പാദത്തിൽ
ചേരുകയല്ലാതെ-
യിച്ചെറുജീവിയ്ക്കില്ലാശവേറെ!!

## ആറ്

ഖേലാരവവിരഹത്തി,-
ലാതപജ്വാലയിൽ,
പാരംതപിച്ചാകെ വാടിയ ഞാൻ

അങ്ങെഴുന്നള്ളുന്ന
കാലവും കാത്തുകാ-
ത്തിങ്ങത്രനില്ക്കുവാൻ ശക്തയാകിൽ

അന്ത്യമാം കാണിയ്ക്ക-
യായെനിയ്ക്കുണ്ടിനി
സന്ത്യജിച്ചീടുവാ,നെന്നെത്തന്നെ!

ത്വച്ചേവടികളിൽ,
ബന്ധമററാപതി-
ച്ചിച്ചെറുജീവിഞാൻ ധന്യയാകും!!

---

# വൃശ്ചികവർഷം

[1115 വൃശ്ചികമാസത്തിൽ അഭൂതപൂർവ്വമായി ഉണ്ടായ
വലിയ വെള്ളപ്പൊക്കം]

## ഒന്നു്

"എന്തൊരു മലവെള്ള-
പ്പൊക്കമൊണകാലത്തിൽ,
അന്തരിയ്ക്കുയേയുള്ളൂ
മർത്ത്യരീക്കലിക്ക്രുത്തിൽ!"—
ഗ്രാമവൃദ്ധന്മാർപോലും
ചൊൽകയാണേവം—"വീട്ടിൽ-
പ്പൂമുഖത്തൊരുമുഴം,
വൃശ്ചികപ്പെരുവെള്ളം!
ഇടവപ്പാതിയ്ക്കത്ര
മര്യാദയുണ്ടായെന്നോ,
പടിവാതുക്കൽവന്നൊ-
ന്നെത്തിനോക്കിയേയുള്ളൂ!

"പാഴ്മണൽവിരിപ്പിന്റെ-
യരികിൽച്ചുരിഞ്ഞൊരു

പാവമായ്കിടന്നതാ-
ണീനദി നാലാംനാളിൽ;

ജീവനം പാടേവററി;
മൃദുമർമ്മരം പാടി,-

ക്കേവലമൊരു ഭിക്ഷു
പോലവേ ഗമിച്ചുന്നാൾ!

ഇന്നതിർകവിഞ്ഞിതാ,
വൻമരം പിഴുതെട്ടു-

ത്തുന്നതശിലകളിൽ-
ത്തച്ചിരച്ചലറുന്നു!

കീഴ്പതിവുല്ലംഘിച്ച
ധിക്കാരപ്രവാഹമേ!

കീഴ്പോട്ടുപോകും നിന-
ക്കില്ലല്ലോ നിലതെല്ലും!"

## രണ്ട്

അപ്പുഴയാണ്ടോടാണ്ടു
വരണ്ടിട്ടൊരു ദിന-

മല്പമൊന്നുയർന്നുപോയ്;
അതിനീ, ശകാരങ്ങൾ!

അല്ലെങ്കി,ലയൽക്കാരി-
　　ലുൽക്കർഷമല്പം കണ്ടാ-
ലല്ലല്ലും നൈരാശ്യവും
　　രോഷവും പതിവല്ലോ!
നിർജ്ജീവം കിടന്നതാ-
　　ണിത്രയും കാലം പാവം,
തജ്ജീവരക്തം വററാൻ
　　വേനലും വരുംനാളേ!

അത്യഗാധമായ്, രത്നാ-
　　കരമായ്, അപാരമായ്,
നിത്യമായ് നിലകൊള്ളും
　　ഗംഭീരവാരാശിയിൽ
ലീനമാം ഹൃദയത്തോ-
　　ടതിൽത്താൻ വിലയിപ്പാൻ
ധ്യാനനിഷ്ഠയാ ബാഹ്യ-
　　സ്മരണാപേതം പായ്കെ
ആനന്ദകല്ലോലിനി-
　　യറിയുന്നീലാപക്ഷേ,
വേനലും വരൾച്ചയും
　　വർഷവും സമ്പൃഷ്ടിയും!

രാപകലപാരമാ-
മാഴിയേയുപാസിച്ചീ-
യാപഗ,യൊരു മാത്ര
തദ്ഭാവം പ്രാപിച്ചതാം!

## മൂന്ന്

നീരദനിരയായി
വാനിലുമതിസൂക്ഷ്മ
നീരാവികണങ്ങളായ്
വായുമണ്ഡലത്തിലും
ഭംഗിയിൽത്തെളിമുത്തായ്-
ത്തൃണാങ്കുരാഗ്രത്തിലും
തുംഗമാം ഗിരിശൃംഗം
തോറുമേ ഹിമമായും
വിവിധാവസ്ഥാഭേദം
കൈക്കൊള്ളുമൊരേഭ്രുതം
വിപുലാബ്ധിയും ചെറു-
സരസ്സും സ്രവന്തിയും!

കേവലമഹംബുദ്ധി
വൈഭവാൽജനസ്സിൻെറ
പാവനതപാവു,മന്ത-
ര്യാമിയാമേകതപാവും,

അറിയാതന്ധപ്രായം,
വ്യക്തിവ്യത്യാസം മായാ-
മറയിൽദ്ദർശിച്ചെത്ര-
യ്ക്കമ്പരക്കുന്നു മർത്ത്യൻ!

നിർമ്മല പരമാത്മ-
ധ്യാനപാരമ്യം ശര-
ന്നിമ്നഗയ്ക്കാത്മോൽക്കർഷം
നൽകിനിസ്സീമം; പക്ഷേ-
വരിഷ്ഠം സാക്ഷാൽക്കാരം
സാധിച്ച നദിനാളെ
വരട്ടാറായ് നാം കാണും,
അജ്ഞാനനിദാഘത്തിൽ!!

# കാററുവിളി

[ഉത്തരതിരുവിതാംകൂറിൽ, മാമ്പഴക്കാലത്തു് മാവിൻചുവട്ടിൽ വച്ചു്, കൊച്ചുകുട്ടികൾ ഈ പാട്ടുപാടി കാററുവിളിക്കുക പതിവാണു്.]

[“കാററേ—വാവാ; കടലേ—പോ പോ;
ഇക്കാററും—കാററല്ല; തെങ്കാററും—കാററല്ലാ;
വെള്ളിമാ—ക്കുന്നേലേ—പ്പുത്തൻകാ–ററേ—വാ–വാ”]

## ഒന്നു്

മാമ്പഴം പെറുക്കുന്ന
പിള്ളേർതൻ കളിപ്പാട്ടു
തേന്മഴപോലെൻ തപ്ത-
ചിത്തത്തിൽക്കുളിരേകി.
കൈതവം കലരാത്ത
പൈതങ്ങൾ വിളിച്ചാർത്തു,
കൈവല്യസുഖപ്രദ-
മദ്ധ്യാത്മലഘുഗാനം!
ചിത്സുധാമധുരമാം
അമൃതകണങ്ങൾനേടാൻ

വത്സന്മാരിവരല്ലേ
കാററിനേ ക്ഷണിയ്ക്കുന്നോ?

അദ്വൈതമഹാചാര്യ-
ജന്മദേ! ഭൃഗുപുത്ര-
ക്ഷത്രിയഹത്യാപാപം
പോക്കിയ പുണ്യാത്മികേ!
വേദവേദാംഗപ്പൊരുൾ
പാടിയ കിളിക്കുഞ്ഞിൻ
ഗീതങ്ങളിന്നും നിങ്കൽ-
ത്തങ്ങിനിന്നൊലികൊൾവൂ!
നിൻപിഞ്ചുശിശുക്കൾതൻ
പാഴ്ക്കളിപ്പാട്ടിൽപ്പോലു,-
മംബികേ! തുളുമ്പുന്നു-
ണ്ടദ്ധ്യാത്മജ്ഞാനാംശങ്ങൾ!

"ഉള്ളിലേക്കടൽനീങ്ങി-
ച്ചിന്തയാം കാററൂതട്ടേ!
വെള്ളിമാമലയിലേ-
ക്കുളുർകാററിളകട്ടേ!"

## രണ്ടു്

ചിത്തത്തി,ലഹംബുദ്ധി
സംസാരക്ഷോഭങ്ങളു-
മൊത്ത,ലച്ചിരമ്പും വൻ
മായാബ്ധിയടങ്ങട്ടേ!
വാസ്സുമുൾത്താപം, ജീവി-
താഹവക്ഷതങ്ങളും,
പോക്കുവാൻ കുളിർകാററി-
ങ്ങെമ്പാടും കളിയ്ക്കട്ടേ!

നശ്വരം നിരത്ഥക-
മാകുമീബ് ഭ്രുവിൽ, പക്ഷേ,
വിശ്രുകില്ലെങ്ങും, നിത്യാ-
നന്ദദൻ ശുഭാശുഗൻ!
പട്ടടപ്പുകയിലും
ഭോഗത്തിൻ മരുവിലും
തട്ടിവന്നീടുംവാതം
ഭൌതികോഷ്മാവാൽ ദുഷ്ടം!

ബന്ധുനിര്വ്വാണത്തിങ്ക-
ലാപതിപ്പൂനാം ബാഷ്പ-

N 82423



സിന്ധുവിൽ, അത്യഗാധ-
തത്വമജ്ജനംചെയ്‌വൂ,
"മിത്ഥ്യയാണെല്ലാ,"മെന്നായ്
ശ്മശാനവൈരാഗ്യത്തിൽ-
ബോദ്ധ്യമായ്‌വരും; ക്ഷണം
മാറുമീത്തെക്കൻകാററും!

വെള്ളിമാമലയിലേ-
ക്കുളിർകാററിളകട്ടേ!
ഉള്ളിലാനന്ദനിത്യ-
നിർവ്വൃതിനിറയട്ടേ!

---

# ഭിക്ഷു

## ഒന്നു്

ഞാനൊരു വെറും ഭിക്ഷു,
നിത്യവുമോരോ ലഘു-

ഗാനവും പാടിപ്പാടി-
പ്പോകുന്നു തെരുവൂടേ.

"എന്തിനാണാ,രോടാണു
യാചിപ്പതെ"ന്നിന്നോളം

ചിന്തിച്ചീല,പ്പാഴ് ചിന്ത-
യ്ക്കാവശ്യമുണ്ടായീലാ!

നദിതൻമൃദൂർമ്മികൾ
നിയതം പാടുന്നതും

മുദിതം മധുപാളി
മധുരം മൂളുന്നതും

ചോദിയ്ക്കി"ലെന്തിന്നെ"ന്നായ്,
"ഈശാജ്ഞയാ"ലെന്നല്ലാ-

താദിതൊട്ടൊരുത്തരം
കണ്ടവരില്ലീമന്നിൽ!

"എപ്പൊഴുതെങ്ങീയെൻെറ
യാത്രയ്ക്കൊരവസാനം?"
ഇപ്പൊഴീപ്രശ്നത്തിന്നു-
മിത്തരമേ ചൊല്ലാനാവൂ:-
"പൂമണം പാടേ പൂശി-
പ്പായുന്ന പുലർകാററും,
പ്രേമനൈരാശ്യതപ്ത
ചേതസ്സിൻ നെടുവീർപ്പും,
തിരിച്ചുപോരേണ്ടാത്തോ-
രന്ത്യവിശ്രമസ്ഥാനം
തിരക്കുകയല്ലീ നീളെ,
ശാശ്വതം ശാന്ത്യാസ്പദം?"

## രണ്ട്

"വന്മേടപ്പുറത്തത്രേ
സൌഖ്യ"മെന്നാന്ധ്യാൽഭ്രമി-
ച്ചുന്മേദുരാശാഭംഗ
ക്കുഴിയിൽപ്പെട്ടും മർത്ത്യൻ
താഴെയിപ്പാഴൂഴിയി-
ലാക്കമുൾക്കുളിരേകി
വാഴുമോ'രാശ്വാസ'ത്തിൻ
സ്വാഗതസ്മിതം കാണാ!

സമ്പത്തിൻ മായാസ്വപ്ന
　　പക്ഷത്താൽപ്പറക്കാതേ
കുമ്പിട്ടു, കാണ്മാൻ മുന്നേ
　　കണ്ണുകൾ ശീലിയ്ക്കയാൽ
ദരിദ്രനാണീ ഞാനെ-
　　ന്നൊന്നിയ്ക്കില്ലോമ്മ; എന്നിൽ-
സ്ഫുരിയ്ക്കും സംതൃപ്തിയാൽ
　　ധന്യൻ ഞാനാജന്മാന്തം!
ദാനശീലനിൽ പ്രീതി,
　　ലോഭിയിൽ വെറുപ്പുമെൻ
മാനസമറിഞ്ഞിട്ടി,-
　　ല്ലാരിലും സമഭാവം!

മുറവുമീമനുഷ്യർ തൻ-
　　ആന്തരസമ്പാദ്യത്തിൻ
മാററുരയ്ക്കുകയാവാ,-
　　മെന്നിലെന്നെന്നും ദൈവം!
ഈശ്വരമാഹാത്മ്യത്തിൻ
　　സാരമാമേതോഭാഗം
നശ്വരമാമെൻ ജന്മം
　　വ്യാഖ്യാനിയ്ക്കുകയാവാം!!

# ചിത്രപ്രശ്നം

## ഒന്ന്

“പുത്തനായൊരു ചിത്ര-
 പ്രശ്നമുണ്ട,തുനോക്കി-
യുത്തരം നാളെത്തന്നെ
 നൽകിയേ മതിയാവൂ;”
സ്നേഹബുദ്ധിയാലേവം
 നിർബ്ബന്ധം പറഞ്ഞാണെൻ
ഗേഹത്തിൻപടികേറി
 വന്നതാസുഹൃത്തന്നാൾ.

ഉത്തരം ചൊല്ലീടാതേ,
 സല്ക്കരിച്ചിരുത്താതേ,
ഹൃത്തിലസ്വാസ്ഥ്യം മൂല-
 മമ്മൂലയ്ക്കിരുന്നു ഞാൻ.
സന്താപം മറച്ചൊരു
 പുഞ്ചിരിപ്പൊടിപൂശാൻ,
ചിന്തതൻനിഴൽമായ്ക്കാൻ,
 എൻശ്രമം വിഫലമായ്!

പതിവിൻപടിയ്ക്കേത്തു-
മുത്സാഹമെന്നിൽക്കാണാ-
ഞ്ഞധികം ശല്യം ചെയ്തി-
ല്ലത്തോഴ,നുചിതജ്ഞൻ.
ജന്നാലിലൂടേ മുറി-
യ്ക്കുള്ളിലെത്തിയ കുളുർ-
ത്തെന്നലും ചുററിത്തിരി-
ഞ്ഞന്വേഷിച്ചിറങ്ങിപ്പോയ്!
കഷ്ടം,മാച്ചിത്രപ്രശ്നം
നോക്കാമായിരുന്നല്പം!
പുഷ്ടമാം മനഃക്ലേശം
പോക്കാമായിരുന്നല്പം!

## രണ്ട്

ഉൾത്താരിൻദലങ്ങൾക്കു
താങ്ങാവതല്ലീബ്ഭാര,-
മെത്രനാളിനിയും ഞാൻ
ഞെരുങ്ങിച്ചുമക്കേണം?
കണ്ണുനീർകാണിയ്ക്കാതേ,
നിശ്വാസമൊതുക്കി, നാ-
ളെണ്ണി,യിത്രയും ദൂരം
പിന്നിട്ടേനൊരുവിധം!

നിദ്രവിട്ടിരവിങ്ക-
ലേകാന്തചിന്താലോല-

മൈത്രയിപ്രപഞ്ചാബ്ധി-
യ്ക്കൂടിയിൽത്തിരഞ്ഞു ഞാൻ?

കണ്ടുമുട്ടുന്നതെല്ലാ-
മവ്യക്തപ്രഹേളികൾ,

കണ്ടതില്ലൊരുരത്നം
ശാശ്വതപ്രഭാമയം!

ലോകബോദ്ധ്യത്തിന്നായി
മറച്ചുവെച്ചേ,നെൻറ-

ശോകങ്ങൾ, അഥവാ ഞാൻ
ഭീരുവെന്നറിഞ്ഞാലോ!

എത്രനാൾ നിരോധിയ്ക്കാ-
മഴലിൻ പ്രവാഹത്തെ,

എത്രയും പരിമിത
ശക്തമല്ലല്ലീചിത്തം?

കഷ്ടം, മാച്ചിത്ര പ്രശ്നം
നോക്കാമായിരുന്നല്പം!

പുഷ്ടമാം മനഃക്ലേശം
പോക്കാമായിരുന്നല്പം

## മൂന്ന്

കണ്ണീരിൽച്ചിരകാല
സൗഖ്യത്തിന്നൊളികാണാം,
പൂർണ്ണശോകത്തിൻ നിഴൽ
പുഞ്ചിരിതന്നിൽക്കാണാം!
ബാഷ്പവർഷത്തിൻ സൗഖ്യം-
ആനന്ദഭാരവ്യഥ,........
യിപ്രപഞ്ചത്തിൻ നിത്യ-
ഭാവങ്ങൾ നിഗ്രന്ഥങ്ങൾ!
നശ്വരം നീർപ്പോളമേൽ
ചിത്പ്രഭ ബിംബിയ്ക്കുന്നു,
ശാശ്വതം മഹാർണ്ണവം
ക്ഷണികോർമ്മികാരംഗം!
ഒക്കെയുമയുക്തികം,
വിരുദ്ധം, മവ്യക്താർത്ഥം,-
മാർഗ്ഗമേ വഴിതെററും
വ്യാജസൂചനാജാലം!
കിഴമേൽ വായിച്ചിട്ടും,
വ്യംഗ്യത്തിൽ ത്തിരഞ്ഞിട്ടു,-
മൊഴിവാം കളങ്ങളേ-
നിറയ്ക്കാൻ കഴിഞ്ഞീലാ!.

ദുർഘടം "ഭവചിത്ര-
പ്രശ്ന", മെന്നാലും ഫല-
മാഗ്രഹസീമോല്ലംഘി-
യല്ലീ?, ഞാൻ ശ്രമിയ്ക്കട്ടേ!

അത്യന്തം മഹത്താമീ-
പ്രശ്നമുള്ളപ്പോൾ, നേരം
വ്യർത്ഥമായ് മററുള്ളവ-
യ്ക്കില്ലല്ലോ ചെലവാക്കാൻ!!

# മാൎഗ്ഗമദ്ധ്യേ

[ശ്രീരാമദൂതനായ വാതാത്മജൻ,–
സൽക്കാരോപചാരങ്ങൾ നല്കുവാൻ
വന്ന മൈനാകത്തോടു്:–]

## ഒന്നു്

"ഇന്ദ്രവജ്രത്തേപ്പേടി–
ച്ചൎണ്ണവം പുക്കീവണ്ണം
തന്ദ്രിപൂണ്ടൊളിച്ചുറ–
ങ്ങീടുമെൻനഗവീരാ!
പക്ഷങ്ങൾ സംരക്ഷിപ്പാൻ
അബ്ധിയിൽമുങ്ങീഭവാൻ,
പക്ഷേ നിഷ്ഫലമാഴി–
ത്തുറങ്കിൽച്ചിറകിപ്പോൾ!

"കൎത്തവ്യക്ലമഭീരു–
വായി ഞാൻ നിന്നിൽപ്പാൎത്തു
വ്യൎത്ഥമാക്കുകയെന്നോ
ഹ്രസ്വഹ്രസ്വമാം കാലം?
വിഘ്നങ്ങളനേക,മെൻ
അദ്ധ്വാവിലുണ്ടാം, അവ
ഭഗ്നമാക്കുവാനദ്ധ്വ–
ശ്രമത്താലത്രേപറ്റൂ!

"വന്നിടാം ഛരായാഗ്രാഹി-
ദാനവർ, സുരസാദി
നിന്നുനേത്തിടാം, മുന്നിൽ
ലക്ഷ്മിയും തടഞ്ഞേക്കാം;
എങ്കിലും ലക്ഷ്യംപൂകാൻ,
ഔദ്ധത്യഫണം പൊക്കും
ലങ്കചുട്ടീടാൻ, മായാ-
രാമങ്ങൾ തകക്കുവാൻ,
അംബതൻപദം കൂപ്പി
രാമസന്ദേശം നൾകാൻ,
അംബരേ വെമ്പിപ്പോയ്കെ
വിശ്രമിയ്ക്കാമോ മദ്ധ്യേ?

രണ്ടു്

"അക്കരെയല്ലോ വാഴ്വൂ
ചിത്സത്യസച്ചരൂപിണി,
ഇക്കടലുടൻ ചാടി-
ക്കടന്നേ മതിയാവൂ!
ഉഗ്രശാസനനത്രേ
"മാർത്താണ്ഡാത്മജൻ", ക്ലിപ്ത-
ദൈർഘ്യമാം അവധി ചൊ-
ന്നല്ലല്ലീ നിയോഗിച്ചു!

"എന്നെയിങ്ങാശീർവദി-
ച്ചയച്ച ഭഗവാനിൽ
നിന്ദയായ് പോകും, കാല-
മന്യഥാകളകയുകിൽ.
എന്നുമ,ല്ലവിടെത്തി-
യംബിക കരുണാർദ്രം
തന്നിടും വരംവാങ്ങാൻ
അത്രയ്ക്കു വൈകിച്ചാലോ?

"സുന്ദരനികുഞ്ജങ്ങൾ,
സൂനസൗരഭവാഹി-
മന്ദമാരുതക്രീഡാ-
ശീതളമാരാമങ്ങൾ,
വിമലസ്രവന്തികൾ
സുമതല്പങ്ങൾ;—മാർഗ്ഗ-
ശ്രമനാശകം, ദേഹ-
സൗഖ്യദ,മിഹവാസം!

"എങ്കിലും മൈനാകമേ!
ഭവദാതിഥ്യം വരി-
ച്ചിങ്ങിരിയ്ക്കുവാൻവ,യ്യെൻ
സാഹസം ക്ഷമിച്ചാലും!! "

## മൂന്ന്

[തത്വാന്വേഷിയായ കവി, തന്നെ മാർഗ്ഗ
മദ്ധ്യേ തടഞ്ഞ് ആരാധ്യഭാവത്തിൽ
ക്ഷണിയ്ക്കുന്ന, ഭവാബ്ധി മദ്ധ്യസ്ഥമായ
"ലോക"ത്തോട്:—]

"പ്രപഞ്ചപ്പൊരുളാകും
ദേവിയെക്കാണ്മാൻ, മഹാ—
പ്രഭുവിൻനിയോഗത്താൽ
നിർഭയം കുതിയ്ക്കവേ
മായാബ്ധിമഗ്നം "ലോകം"
അദ്ധ്വഗനെന്നിയ്ക്കുണ്ടോ—
മായാസമാററാൻ പൊന്തി
വന്നിതാ വിളിയ്ക്കുന്നു'

"സത്വരം മഹാമായാ—
സാഗരം വിലംഘിച്ചാ—
സാത്വികപ്രഭാസത്മ
സാമീപ്യം പ്രാപിയ്ക്കാതെ
കേവലം ക്ഷണികമാം
ഭൌമികവിശ്രാന്തിയ്ക്കു—
ള്ളീവിളിശ്രവിച്ചിങ്ങു
"താമസം" വരിച്ചാലോ?

"ശോകപ്പാഴ്പുഴകൾതൻ
താരാട്ടുമുറവും കേട്ടീ-
ലോകത്തിൻപുറംപൂച്ചിൽ
മയങ്ങിക്കിടന്നാലോ?

ഉൾക്കണ്ണാം ദിവ്യമുദ്രാ-
മോതിരം വിഭൂദത്തം
കൈക്കൊണ്ടീ "മൈനാക"ത്തിൽ
സമയം തുലച്ചാലോ?

തൽക്ഷണമങ്ങെത്തുക
തന്നെയാണെൻ കർത്തവ്യം,
കാൽക്ഷണമത്തുമിത്തും
നോക്കിയിങ്ങിളയ്ക്കാതേ!!"

No. 2423.

96


1773